

# കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻ ഫൊറോന ഇടവക

പശ്ചിമഘട്ടത്തിന്റെ മടിത്തട്ടിൽ കുറ്റിക്കാട് ഫൊറോന ദേവാലയം സ്ഥിതിചെയ്യുന്നു. കിഴക്ക് തമിഴ്നാട് അതിർത്തിവരേയും പടിഞ്ഞാറ് ചാലക്കുടി ഫൊറോനാതിർത്തിവരേയും വടക്ക് കോടശ്ശേരി മലവരേയും തെക്ക് ചാലക്കുടി പുഴവരേയും ഇത് നീണ്ടുകിടക്കുന്നു. സർപ്പിളാകൃതിയിൽ തമിഴ്നാട് അതിർത്തിയും കടന്ന് പോകുന്ന ആനമല റോഡ്, ഈ റോഡിന്റെ ഇരുവശത്തും ടൂറിസ്റ്റുകൾക്ക് ഹരമായി പരിലസിക്കുന്ന അതിരപ്പിള്ളി, ചാർപ്പ വെള്ളച്ചാട്ടങ്ങൾ, വൈദ്യുതി ഉൽപാദക പദ്ധതികളായ പെരിങ്ങൽക്കുത്ത്, ഷോളയാർ, മുകുന്ദപുരം, ആലുവ താലൂക്കുകളെ ഒരു നവ 'കാനാൻ' ദേശമാക്കുന്ന ചാലക്കുടി മേജർ ഇറിഗേഷൻ പ്രൊജക്റ്റിന്റെ തുമ്പൂർമുഴി ഡാം, ഡാംസൈറ്റ്, ഹരിതവനങ്ങൾ, ഇവയെല്ലാം കുറ്റിക്കാട് ഫൊറോനയെ, രൂപതയിലെ ഇതര ഫൊറോനകളിൽ നിന്ന് വ്യത്യസ്തമാക്കുന്നു.

## പ്രഥമ ദേവാലയം

20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻ ഫൊറോനപള്ളിയുടെ ചരിത്രം ആരംഭിക്കുന്നു - ഉദ്ദേശം 150 വർഷങ്ങൾക്കു മുമ്പ് പ്രാന്തപ്രദേശങ്ങളായ പരിയാരം, ചാലക്കുടി എന്നിവിടങ്ങളിൽ നിന്നും പൂർവ്വികർ ഇവിടെ കുടിയേറിപ്പാർത്തു. അവരുടെ മതാനുഷ്ഠാനങ്ങൾ നിർവ്വഹിച്ചുപോന്നിരുന്നത് വിദൂര സ്ഥലങ്ങളിലെ ഈ പള്ളികളിലായിരുന്നു. കുറ്റിക്കാട് ഒരു പുതിയ പള്ളി എന്ന ആശയത്തിന്, മൂർത്ത രൂപം നല്കി. ശ്രീ. പടിഞ്ഞാക്കര വറീത് ഔസേപ്പ് പള്ളി നിർമ്മാണത്തിനാവശ്യമായ സ്ഥലം പ്രതിഫലം കൂടാതെ വിട്ടുകൊടുത്തു. അവിടെ പള്ളിക്ക് വേണ്ടി നിർമ്മിച്ച ഷെഡാണ് പ്രഥമ ദേവാലയം. പക്ഷേ, നിർഭാഗ്യമെന്ന് പറയട്ടെ, പ്രകൃതിക്ഷോഭത്താൽ ആ ഷെഡ് നിലംപൊത്തി. കൂർക്കമറ്റം ഭാഗത്ത് കപ്പത്തോടിന് വടക്ക് ഭാഗത്തായിരുന്നു ഈ സ്ഥലം.

## ദേവാലയത്തിന് പുതിയ സ്ഥലം

പിന്നീട് മേൽപറഞ്ഞ സ്ഥലത്തിനു പകരമായി ഇപ്പോൾ പള്ളി സ്ഥിതിചെയ്യുന്ന ആറ് ഏക്കർ 81 സെന്റ് സ്ഥലം ശ്രീ. പടിഞ്ഞാക്കര വറീയ്ത് ഔസേപ്പ് തന്നെ പള്ളിനിർമ്മാണത്തിനുവേണ്ടി ദാനമായി

നല്കി. അതിൽ അന്നത്തെ പരിയാരം പള്ളി വികാരി റവ. ഫാ. ഔസേപ്പ് മാളിയേക്കൽ ദേവാലയം നിർമ്മിക്കുന്നതിന്റെ മുന്നോടിയായി ഒരു കുരിശു സ്ഥാപിച്ചു.

ദേവാലയനിർമ്മാണത്തിന് കൊച്ചി ദിവാൻ പേഷ്ക്കാർക്ക് അപേക്ഷ സമർപ്പിച്ചതിന്റെ ഫലമായി 27.1.1915-ൽ D.S.3173/D/90-ാം നമ്പ്രായി അനുവാദം ലഭിച്ചു. ദേവാലയം നിർമ്മിക്കുന്നതിന് തറക്കല്ലിട്ടത് 10.1.1916- ൽ അന്നത്തെ തൃശ്ശിവപേരൂർ മെത്രാൻ മാർ യോഹന്നാൻ മേനാച്ചേരി പിതാവായിരുന്നു. പള്ളി നിർമ്മാണം പൂർത്തീകരിച്ചതിനെത്തുടർന്ന് 27.1.1919-ൽ പരിയാരം പള്ളി വികാരി റവ. ഫാ. ഔസേപ്പ് മാളിയേക്കൽ വെഞ്ചരിപ്പുകർമ്മം നടത്തി. ഇപ്പോൾ അൾത്താരയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന വി. സെബസ്ത്യാനോസ് സഹദായുടെ രൂപം നേരത്തെ ശ്രീ. എരിഞ്ഞേരി തോമസ് ദാനമായി നല്കിയതാണ്.

## ഇടവക

1923-ൽ സിമിത്തേരിക്ക് അനുവാദം ലഭിച്ചതിനെ തുടർന്ന് ബഹു. തച്ചിൽ തോമാസച്ചൻ വെഞ്ചരിപ്പുകർമ്മം നടത്തി. പിന്നീട് ബിഷപ്പ് മാർ ഫ്രാൻസിസ് വാഴപ്പിള്ളിയുടെ 22.7.1925 -ലെ 243-ാം നമ്പർ കല്പന പ്രകാരം കുറ്റിക്കാട് പള്ളിയുടെ അതിർത്തികൾ, പടിഞ്ഞാറ് കപ്പത്തോടും മണലായിത്തോടും, വടക്ക് കോടശ്ശേരി മലയും, കിഴക്ക് കുമ്പളാംമുടിയും കോർമലയും, തെക്ക് ചാലക്കുടി പുഴയും ആയി നിശ്ചയിച്ച് ഒരു സ്വതന്ത്ര ഇടവകയാക്കി ഉയർത്തുകയും ചെയ്തു. കാലോചിതമായ പരിഷ്ക്കാരങ്ങളും 1938 മുതൽക്കേ നടന്നുകൊണ്ടിരിക്കുന്നു. അവയ്ക്കെല്ലാം കാരണഭൂതൻ 1936 മുതൽ 1944 വരെ വിവിധ കാലങ്ങളിൽ വികാരിയായിരുന്ന ബഹു. മാളിയേക്കൽ അന്തോണിയച്ചനായിരുന്നു.

## 1948-ൽ പണിത പള്ളി

ഇടവകയുടെ വിസ്തൃതിയും അംഗങ്ങളുടെ ആധിക്യവും കണക്കിലെടുത്ത് കൂടുതൽ സൗകര്യപ്രദമായ തരത്തിൽ പുതിയൊരു പള്ളി നിർമ്മിക്കുന്നതിന് എടുത്ത തീരുമാനത്തിന്റെ വെളിച്ചത്തിൽ 1942-ൽ ബഹു. ആന്റണി മാളിയേക്കൽ അച്ചന്റെ നേതൃത്വത്തിൽ ആയതിന് തറക്കല്ലിട്ടു. ബഹു. അന്തോണിയച്ചന്റേയും പിന്നീട് വന്ന വികാരി റവ. ഫാ. ജേക്കബ് വടാശ്ശേരിയുടേയും ശ്രമഫലമായി 10.1.1948-ൽ പുതിയ പള്ളിയുടെ വെഞ്ചരിപ്പുകർമ്മം തൃശ്ശിവപേരൂർ രൂപതാ വികാരി ജനറാൾ മോൺ. ആന്റണി പുതുശ്ശേരി D.D. അവർകൾ നിർവ്വഹിച്ചു. ജൂബിലി പ്രമാണിച്ച് 1974-ൽ നടപ്പുര നിർമ്മിക്കുകയും ചെയ്തു.

## ഫൊറോന

1978-ൽ ഇരിങ്ങാലക്കുട രൂപത സ്ഥാപിതമായതിനെ തുടർന്ന് 25.1.1979-ൽ കുറ്റിക്കാട് ഇടവകവികാരി റവ. ഫാ. ജോൺ വാഴപ്പിള്ളിയുടെ കാലത്ത് ഫൊറോന പള്ളിയായി ഉയർത്തപ്പെട്ടു. സ്ഥലപരിമിതി മൂലം 1983-ൽ റവ. ഫാ. ജോബ് ചിറ്റിലപ്പിള്ളി വികാരിയായിരുന്ന കാലത്ത് കൂടുതൽ വലിപ്പത്തിൽ പള്ളി പുതുക്കി പണിതു. 13.1.1984-ൽ രൂപതാ മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ വെഞ്ചരിപ്പുകർമ്മം നടത്തുകയും ചെയ്തു.

## നവീന ദേവാലയം

1998-ൽ മദ്ബഹാ പുതുക്കിപ്പണിയണമെന്ന ആശയും രൂഢമൂലമായത് വികാരിയായിരുന്ന റവ. ഫാ. തോമസ് മേനാച്ചേരിയുടെ കാലത്തായിരുന്നു. പിന്നീട്, വികാരിയായി വന്ന റവ. ഫാ. സെബാസ്റ്റ്യൻ വലിയ വീട്ടിൽ, പള്ളിപ്പണിക്ക് 28 ലക്ഷം രൂപയുടെ എസ്റ്റിമേറ്റോടെ അഭിവന്ദ്യ പിതാവിന്റെ അനുവാദം വാങ്ങി മുന്നോടിയായി അൾത്താരയുടെ പണി ആരംഭിച്ചു. 14.9.2001-ൽ വികാരിയായിവന്ന റവ. ഫാ. റാഫേൽ പുത്തൻവീട്ടിൽ, ദേവാലയ നിർമ്മാണത്തിനുവേണ്ട ഫണ്ട് ശേഖരണവുമായി മുന്നോട്ടുപോയി. അങ്ങനെയിരിക്കേ, 28.1.2004-ൽ റവ. ഡോ. ജോസ് ഇരിമ്പൻ വികാരിയായി നിയമിക്കപ്പെട്ടു. നിശ്ചയദാർഢ്യത്തോടെ, കർമ്മകുശലതയോടെ, അദ്ദേഹം പള്ളിപ്പണി ഏറ്റെടുത്തു. 15.1.2005-ൽ അഭിവന്ദ്യ പിതാവ് പുതിയ പള്ളിക്ക് തറക്കല്ലിട്ടു. 20.5.2006-ൽ ഇരിങ്ങാലക്കുട രൂപതാ മെത്രാൻ അഭിവന്ദ്യ ജയിംസ് പഴയാറ്റിൽ



മണിമാളിക

പിതാവ് പള്ളിയുടെ കൂദാശാകർമ്മം നടത്തുകയും ചെയ്തു.

1986-ലാണ് കുടുംബസമ്മേളന യൂണിറ്റുകൾ പ്രവർത്തിച്ചുതുടങ്ങിയത്. 4 മേഖലകളിലായി ഇവയെ തിരിച്ചിരിക്കുന്നു. ആകെയുള്ള 37 കുടുംബസമ്മേളന യൂണിറ്റുകളിലായി 1388 ക്രൈസ്തവ കുടുംബങ്ങളും 5998 ഇടവകാംഗങ്ങളും ഉണ്ട്. അപ്രകാരം കുറ്റിക്കാട് ഇടവകാതിർത്തിയിൽ 93% ക്രൈസ്തവരും 7% അക്രൈസ്തവരുമാണ് ഉള്ളത്.

## സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂൾ



സെന്റ് സെബാസ്റ്റ്യൻസ് പ്രൈമറി & ഹൈസ്ക്കൂൾ

കുറ്റിക്കാട് സെന്റ് സെബാസ്റ്റ്യൻസ് പ്രൈമറി സ്ക്കൂൾ, കുരിശുപള്ളിയുടെ ആരംഭത്തോടെ സ്ഥാപിക്കപ്പെട്ടു. പിന്നീട് 26.4.1926-ൽ ഒരു എയ്ഡഡ് സ്ക്കൂൾ ആയി ഇതിനെ അംഗീകരിച്ചു. 1956-ൽ യു.പി. ആയി ഉയർത്തപ്പെട്ടു. 1966-ൽ അന്നത്തെ വികാരി ബഹു. ആന്റണി കിഴക്കൂടനച്ചന്റെ ശ്രമഫലമായി കേന്ദ്രമന്ത്രി ശ്രീ. പനമ്പള്ളി ഗോവിന്ദമേനോന്റെ ശുപാർശയോടെ ഇതൊരു ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. എൽ.പി, യു.പി, എച്ച്.എസ്. എന്നിവ മൂന്നും ഒന്നായി പ്രവർത്തിച്ച് വരവേ ഭരണസൗകര്യത്തിനായി 1984-ൽ സ്വതന്ത്ര പ്രൈമറി സ്ക്കൂളായി വേർതിരിക്കപ്പെട്ടു. 2000-ാമാണ്ടിൽ ഹയർ സെക്കന്ററി വിഭാഗം തുടങ്ങി.



ഹയർസെക്കന്ററി സ്ക്കൂൾ

L.P.S. ലേയും H.S. ലേയും പഴയ കെട്ടിടങ്ങൾ പൊളിച്ച് 2004-ൽ പുതിയ കെട്ടിടം നിർമ്മിച്ചു. മൂന്ന് വിഭാഗങ്ങളിലും കൂടി 3000-ൽ പരം വിദ്യാർത്ഥിനീവിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു.

## MMB കരുണാലയം, ബോയ്സ് ഹോം

മലബാർ മിഷനറി ബ്രദേഴ്സ് 1971-ൽ ആരംഭിച്ച കരുണാലയം ബോയ്സ് ഹോമിൽ 100-ൽ പരം വിദ്യാർത്ഥികൾ താമസിച്ച് അധ്യയനം നടത്തിവരുന്നു. ശ്രീ. കരിപ്പായി കെ.കെ. കൊച്ചുവറീയത് അര ഏക്കർ സ്ഥലം ദാനം നല്കി. ഒരു ഡിസ്പെൻസറിയും ആരംഭിച്ചിരുന്നു. 2.7.1973-ൽ വികാരി റവ. ഫാ. ജോസഫ് മുണ്ടശ്ശേരി ഇവിടെ കപ്പേളയിൽ ആദ്യമായി കുർബാനയർപ്പിച്ചു.



കരുണാലയം ബോയ്സ് ഹോം (MMB)

## ഡൊമിനിക്കൻ സിസ്റ്റേഴ്സ് ഓഫ് പ്രസന്റേഷൻ

ഫ്രാൻസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡൊമിനിക്കൻ സിസ്റ്റേഴ്സ് ഓഫ് പ്രസന്റേഷൻ, ഇന്ത്യയിൽ ആദ്യമായി ആരംഭിച്ച ആതുരാലയമായിരുന്നു ജീവധാര ആശുപത്രി. ആറേകാൽ ഏക്കർ സ്ഥലം നാട്ടുകാർ ദാനമായി നല്കി. 1972 സെപ്തംബർ 17-ന് ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം മഠത്തിന്റേയും ആശുപത്രിയുടേയും വെഞ്ചരിപ്പും ഉദ്ഘാടനവും നിർവ്വഹിച്ചു. ആശുപത്രി നിർത്തിയതോടെ, ഇവിടെ ആരംഭിച്ച സർക്കാർ ആശുപത്രിക്ക് വേണ്ടി



ജീവധാര മഠം



ജീവധാര റിന്യൂവൽ സെന്റർ

ഒരേക്കർ സ്ഥലം സംഭാവന ചെയ്തത് ഡൊമിനിക്കൻ സിസ്റ്റേഴ്സ് ആകുന്നു.

കുടുംബ പ്രേഷിതപ്രവർത്തനത്തിന്റെ ഭാഗമായി 25.5.2005 മുതൽ ദമ്പതികൾക്കുവേണ്ടി ജീവധാര ഫാമിലി റിന്യൂവൽ സെന്റർ പ്രവർത്തനം ആരംഭിച്ചു.

## സി.എം.സി. തിരുഹൃദയ മഠം

കേരള കർമ്മലീത്തസഭയിലെ ഉദയ പ്രോവിൻസിന്റെ ശാഖാഭവനമാണ് സേക്രഡ് ഹാർട്ട് കോൺവെന്റ്. ബഹു. ഫാ. ജോബ് ചിറ്റിലപ്പിള്ളി 24.4.1981-ൽ ഇതിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. പിന്നീട്, രൂപതാ മെത്രാൻ പ്രാർത്ഥനാഭവനമായി ഉയർത്തി "ശാന്തി തീർത്ഥം" എന്ന് നാമകരണം ചെയ്തു. നഴ്സറി സ്ക്കൂൾ, മദ്യവിമുക്തർക്ക് വേണ്ടിയുള്ള പ്രാർത്ഥനാഗ്രൂപ്പ്, മതബോധനം, അദ്ധ്യാപനം തുടങ്ങിയവയാണ് പ്രവർത്തനമേഖലകൾ.



സി.എം.സി. കോൺവെന്റ്

## കപ്പേളകൾ

വി. ഗീവർഗ്ഗീസിന്റെ നാമധേയത്തിലുള്ള പടിഞ്ഞാറെ കപ്പേള, കുറ്റിക്കാട് കുരിശുപള്ളി സ്ഥാപിച്ച കാലത്ത് 1919-ൽ ശ്രീ. കല്ലേലി കൊച്ചുപൈലൻ മകൻ പൈലപ്പൻ ദാനം നല്കിയ ഒരു സെന്റ് സ്ഥലത്ത് നിർമ്മിച്ചതാണ്. വി. സെബസ്ത്യാനോസിന്റെ നാമധേയത്തിലുള്ള പടിഞ്ഞാട്ടുംമുറി കപ്പേള 1970-ൽ മൂന്ന് സെന്റ് സ്ഥലത്ത് നിർമ്മിച്ചിരിക്കുന്നു. ഇതിൽ ഒരു സെന്റ് ശ്രീ. പയ്യപ്പിള്ളി ദേവസ്സി ലോനപ്പൻ ദാനമായി നല്കിയതാണ്. തെക്കുംമുറി ചെറുപുഷ്പം കപ്പേള ശ്രീ. കരിപ്പായി ചാക്കു അന്തോണി പ്രതിഫലം കൂടാതെ നല്കിയ മൂന്ന് സെന്റ് സ്ഥലത്ത് നിർമ്മിച്ചിരിക്കുന്നു. വി. സെബസ്ത്യാനോസിന്റെ നാമധേയത്തിലുള്ള കിഴക്കുംമുറി കപ്പേള ശ്രീ. പെരേപ്പാടൻ ഔസേപ്പു വർക്കി, ശ്രീ. പെരേപ്പാടൻ ഔസേപ്പു ചെറിയ എന്നിവർ ചേർന്ന് നല്കിയ മൂന്ന് സെന്റ് സ്ഥലത്ത് 1975-ൽ നിർമ്മിച്ചതാണ്. പള്ളിക്ക് മുമ്പിൽ എൽ. പി. സ്ക്കൂൾ കെട്ടിടത്തിനരികെ സ്ഥാപിതമായ വി. സെബസ്ത്യാനോസിന്റെയും, വി. അന്തോണീസിന്റെയും കപ്പേളകൾ 2005-ൽ നിർമ്മിച്ചിട്ടുള്ളവയാകുന്നു.



സെന്റ് ആന്റണീസ് കപ്പേള



സെന്റ് സെബാസ്റ്റ്യൻസ് കപ്പേള
കിഴക്കുംമുറി



വി. സെബസ്റ്റ്യാനോസ് കപ്പേള
പടിഞ്ഞാട്ടുംമുറി



ചെറുപുഷ്പം കപ്പേള
തെക്കുംമുറി



വി. ഗീവർഗ്ഗീസ് കപ്പേള



ലാറ്റിൻ സെമിനാരി (കോട്ടപ്പുറം രൂപത)